# കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ

## പൗരാവകാശ രേഖ

ബാലാവകാശ സംരക്ഷണം, പ്രോൽസാഹനം എന്നീ കാര്യങ്ങളിൽ
കമ്മീഷന്റെ പ്രതിജ്ഞാബദ്ധത വെളിപ്പെടുത്തുന്ന
ഒരു പ്രഖ്യാപനം

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,
ടി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ., തിരുവനന്തപുരം - 695 034
ഫോൺ : 0471-2326603 ഇ-മെയിൽ : childrights.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ**
റ്റി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റി.പി.ഒ.,
തിരുവനന്തപുരം - 695 034
ഫോൺ : 0471-2326603 ഇ-മെയിൽ : childrights.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in


| | | | | |
|---|---|---|---|---|
| ചെയർപേഴ്സൺ | : ശ്രീമതി. ശോഭാകോശി | | സെക്രട്ടറി | : ശ്രീ. സി.കെ. വിശ്വനാഥൻ ഐ.എ.എസ്. (റിട്ട.) |
| അംഗങ്ങൾ | : ശ്രീ. കെ. നസീർ<br>ശ്രീമതി. മീന. സി.യു<br>ശ്രീ. ബാബു. എൻ<br>ഫാ. ഫിലിപ്പ് പരക്കാട്ട്<br>ശ്രീമതി. സന്ധ്യ. ജെ<br>ശ്രീമതി. ഗ്ലോറി ജോർജ്ജ് | | രജിസ്ട്രാർ<br>എ.ഒ<br>എഫ്.ഒ<br>പി.ആർ.ഒ | : ശ്രീ. എസ്.എച്ച്. ജയകേശൻ<br>: ശ്രീ. സിംജി ജോസഫ്<br>: ശ്രീ. എസ്. സുരേഷ്കുമാർ<br>: ശ്രീ. വി.പി. പ്രമോദ് കുമാർ |


*കുട്ടികൾ നമ്മുടെ നിലനിൽപ്പിന്റെ നെടുംതൂണുകളാണ്*
*അവരുടെ ശോഭനമായ ഭാവി കെട്ടിപ്പടുത്തുയർത്തേണ്ടത് നമ്മുടെ കടമയാണ്*
*അതിന്റെ ശിൽപ്പികളായി നമുക്ക് സ്വയം സമർപ്പിതരാകാം*

## കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ

## പൗരാവകാശരേഖ

### രൂപീകരണം

2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 17 (1) വകുപ്പുകൾ പ്രകാരമാണ് സംസ്ഥാന സർക്കാർ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ രൂപവൽക്കരിച്ചിട്ടുള്ളത്. ഒരു ചെയർപേഴ്സനും 6 അംഗങ്ങളുമാണ് കമ്മീഷനിലുള്ളത്.

2013 ജൂൺ 3 മുതൽക്കാണ് കമ്മീഷൻ പ്രവർത്തനം ആരംഭിച്ചത്. കമ്മീഷന്റെ ആസ്ഥാനം തിരുവനന്തപുരമാണ്.

ബാലാവകാശ ലംഘനം, നിഷേധം എന്നീ കാര്യങ്ങളിൽ പരാതിയുടെ അടിസ്ഥാനത്തിലും സ്വമേധയായും അന്വേഷണ വിചാരണ നടത്തി നടപടി സ്വീകരിക്കുവാൻ കമ്മീഷന് അധികാരമുണ്ട്.

കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ആക്റ്റ് 2009 (ആർ.റ്റി.ഇ ആക്റ്റ്), 2012-ലെ കുട്ടികളെ ലൈംഗിക കുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്റ്റ് (പോക്സോ ആക്റ്റ്), 2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റ് എന്നീ നിയമങ്ങൾ സംസ്ഥാനത്ത് നടപ്പിലാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരവും കമ്മീഷനുണ്ട്.

### കമ്മീഷന്റെ ദർശനം/ വീക്ഷണം

ഭാരതത്തിന്റെ ഭരണഘടന, രാജ്യത്ത് തൽസമയം പ്രാബല്യത്തിലുള്ള നിയമങ്ങൾ, ഐക്യരാഷ്ട്ര പൊതുസഭ പാസ്സാക്കിയ കുട്ടികളുടെ അവകാശങ്ങൾ സംബന്ധിച്ച ഉടമ്പടി (UNCRC) എന്നിവയിൽ അടങ്ങിയിട്ടുള്ള

അവകാശങ്ങൾക്കനുസൃതമായി എല്ലാ കുട്ടികളും അതിജീവനം, വികാസം, സംരക്ഷണം, പങ്കാളിത്തം തുടങ്ങി അടിസ്ഥാനപരവും അന്യാധീനപ്പെടുത്താൻ കഴിയാത്തതുമായ എല്ലാവിധ അവകാശങ്ങളും അനുഭവിക്കുന്നതായി ഉറപ്പു വരുത്തുക.

## ദൗത്യം

നമ്മുടെ രാജ്യത്ത് തൽസമയം പ്രാബല്യത്തിലുള്ള നിയമങ്ങൾ, നയങ്ങൾ, ഭരണപരമായ സംവിധാനങ്ങൾ എന്നിവ ഭാരതത്തിന്റെ ഭരണഘടനയിലും ഇന്ത്യാ ഗവൺമെന്റ് 1992-ൽ സാധൂകരിച്ച ഐക്യരാഷ്ട്ര പൊതുസഭയുടെ ബാലാവകാശത്തെ സംബന്ധിച്ച ഉടമ്പടിയിലുമടങ്ങിയിട്ടുള്ള ബാലാവകാശ വീക്ഷണവുമായി പൊരുത്തപ്പെടുന്നുവെന്ന കാര്യം ഉറപ്പു വരുത്തുക.

## എന്തൊക്കെ കാര്യങ്ങൾക്ക് കുട്ടികൾക്ക് (കുട്ടികൾക്കുവേണ്ടി മറ്റുള്ളവർക്ക്) കമ്മീഷനെ സമീപിക്കാം

- ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന്;
- കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പിലാക്കാതിരിക്കുന്നത് സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന്;
- കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശക രേഖകളോ നിർദ്ദേശങ്ങളോ നടപ്പിലാക്കാതിരിക്കുന്നതിനെതിരെയും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തി അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകുന്നതിനുള്ള നടപടികൾക്കുമായി;
- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലോ അതിൻകീഴിലോ വ്യവസ്ഥ

ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും ചെയ്ത് അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങൾ സർക്കാരിനോട് ശിപാർശ ചെയ്യുന്നതുമായി ബന്ധപ്പെട്ട പരാതികൾക്ക്;

- ഭീകരപ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക ഹിംസ, എച്ച്.ഐ.വി/ എയ്ഡ്സ്, അവിഹിത വാണിജ്യം, പീഡനം, ഭേദ്യംചെയ്യലും ചൂഷണവും, അശ്ലീല സാഹിത്യം, വ്യഭിചാരം എന്നിവയാൽ ബാധിക്കപ്പെട്ട കുട്ടികളുടെ അവകാശ നിഷേധം സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന്;
- ദുരിതമനുഭവിക്കുന്നതും പാർശ്വവൽക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതും നിയമനിഷേധികളായതും പക്വതയില്ലാത്തതും കുടുംബമില്ലാത്തതും തടവുകാരുടേതുൾപ്പെടെയുള്ള കുട്ടികളുടെയും പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെയും സംബന്ധിച്ച സംഗതികൾ കണക്കിലെടുത്ത് ഉചിതമായ പരിഹാരമാർഗ്ഗങ്ങൾ ശിപാർശ ചെയ്യണമെന്ന ആവശ്യം സംബന്ധിച്ച പരാതികൾ സമർപ്പിക്കുന്നതിന്;
- സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളുടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും ചെയ്ത് കുട്ടികളുടെ ഉത്തമതാല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശിപാർശകൾ നൽകണമെന്ന ആവശ്യം സംബന്ധിച്ച്;

## കമ്മീഷനുമായി ബന്ധപ്പെട്ട കർത്തവ്യവാഹകർ

1. സംസ്ഥാന സർക്കാർ
2. സംസ്ഥാന സർക്കാരിന്റെ ഭരണ നിയന്ത്രണത്തിൽ വരുന്ന എല്ലാ അധികാരസ്ഥാനങ്ങളും
3. അംഗീകൃത സന്നദ്ധ സംഘടനകൾ

## കമ്മീഷന് പരാതികൾ സമർപ്പിക്കേണ്ട രീതി

ബാലാവകാശ ലംഘനം, നിഷേധം എന്നിവ സംബന്ധിച്ച പരാതികൾ മലയാളത്തിലോ, ഇംഗ്ലീഷിലോ വെള്ളക്കടലാസിൽ എഴുതി തയ്യാറാക്കി കമ്മീഷന് സമർപ്പിക്കാവുന്നതാണ്. ഇതിന് ഏതൊരുവിധ ഫീസും ആവശ്യമില്ല. കുട്ടികൾക്ക് നേരിട്ടോ കുട്ടികൾക്ക് വേണ്ടി മറ്റ് ആർക്കെങ്കിലുമോ പരാതി സമർപ്പിക്കാവുന്നതാണ്. പരാതിയിൽ ഹർജിക്കാധാരമായ കാര്യം പൂർണ്ണമായും വ്യക്തമായും വെളിപ്പെടുത്തേണ്ടതാണ്. അതുപോലെ എതിർകക്ഷിയുടെ പൂർണ്ണമായ മേൽവിലാസവും രേഖപ്പെടുത്തിയിരിക്കണം.

**പരാതികൾ അയയ്ക്കേണ്ട വിലാസം:-**

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,
ടി.സി 14/2036, വാൻറോസ് ജംഗ്ഷൻ,
കേരള യൂണിവേഴ്സിറ്റി.പി.ഒ, തിരുവനന്തപുരം - 695 034.
ഇ-മെയിൽ: childrights.cpcr@kerala.gov.in
ഫോൺ: 0471-2326603

## ഓൺലൈൻ കംപ്ലയിന്റ് മാനേജ്മെന്റ് സിസ്റ്റം

പരാതികൾ ഓൺലൈനായും രജിസ്റ്റർ ചെയ്യാവുന്നതാണ്. കമ്മീഷന്റെ വെബ്സൈറ്റായ www.kescpcr.kerala.gov.in-ൽ പ്രവേശിച്ചാൽ ഇതിനുള്ള ലിങ്ക് ലഭിക്കുന്നതാണ്. പരാതി നൽകുന്ന ആളുടെയും എതിർകക്ഷികളുടെയും പേരുവിവരം, പരാതിയുടെ സാരാംശം തുടങ്ങിയവ രേഖപ്പെടുത്താനും തുടർ പ്രക്രിയകൾ സൂചിപ്പിക്കുന്ന കോളങ്ങളും നിർദ്ദേശങ്ങളും ഈ സംവിധാനത്തിൽകൂടി ലഭ്യമാകുന്നതാണ്. പരാതി ഓൺലൈനായി സമർപ്പിച്ചു കഴിഞ്ഞാലുടൻ പരാതി സ്വീകരിച്ചതായുള്ള ഒരു നമ്പർ ബന്ധ

പ്പെട്ടയാൾക്ക് എസ്.എം.എസ് ആയി ലഭിക്കുന്നതാണ്. പ്രസ്തുത നമ്പരിന്റെ സഹായത്തോടെ ബന്ധപ്പെട്ട കേസിന്റെ സി.ആർ.എം.പി. നമ്പരും നിലവിലെ സ്ഥിതിവിവരങ്ങളും സംബന്ധിച്ച അന്വേഷണം നടത്താവുന്നതാണ്. ഓൺലൈനായി പരാതി സമർപ്പിക്കുന്നവർ പരാതിയിന്മേൽ ചട്ടപ്രകാരമുള്ള നടപടികൾ സാധ്യമാക്കുന്നതിനായി പരാതിയുടെ വിശദവിവരം ഒരു സത്യവാങ്മൂലത്തിന്റെ രൂപത്തിൽ എഴുതി സമർപ്പിക്കുകയും ചെയ്യേണ്ടതാണ്. ഇതു സംബന്ധിച്ച അറിയിപ്പ് ഓൺലൈനിൽ പരാതി സമർപ്പിക്കുമ്പോൾ തന്നെ ബന്ധപ്പെട്ടയാൾക്ക് എസ്.എം.എസ് ആയി ലഭിക്കുന്നതാണ്.

**കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങൾ 2012-ലെ 28-ാം ചട്ടപ്രകാരം താഴെ പറയുന്ന തരത്തിലുള്ള പരാതികൾ കമ്മീഷന് പരിഗണിക്കാതെ തള്ളാവുന്നതാണ്.**

- വായിക്കാൻ കഴിയാത്തവ
- അവ്യക്തമായതോ അജ്ഞാതനാമകമായതോ (പേര് രേഖപ്പെടുത്താത്തത്) സാങ്കല്പികനാമത്തിലുള്ളതോ ആയവ
- ബാലിശമോ, നിസ്സാരമായതോ, മതിയായ കാരണം കൂടാതെ കാര്യഗൗരവമില്ലാതെ നിസാരത്വമുള്ളതോ ആയവ
- ഹർജി വിഷയം സിവിൽ വ്യവഹാരമോ സർവ്വീസ് വിഷയമോ തൊഴിൽ/ വ്യാവസായിക തർക്കമോ ആയിരിക്കുക
- ഹർജിയിലെ ആരോപണങ്ങൾ ബാലാവകാശ ലംഘനവുമായി ബന്ധമില്ലാതിരിക്കുക
- ഹർജി വിഷയം ഒരു കോടതിയുടെയോ ട്രൈബ്യൂണലിന്റെയോ പരിഗണനയിലായിരിക്കുക

- ഹർജി വിഷയം ഒരു കോടതിയുടെ വിധിന്യായത്താലോ ദേശീയ/ സംസ്ഥാന കമ്മീഷന്റെ തീരുമാനത്താലോ നേരത്തെ തന്നെ നിശ്ചയിക്കപ്പെട്ടിരിക്കുക
- ഹർജി മറ്റേതെങ്കിലും അധികാരസ്ഥാനം മുമ്പാകെ ഉന്നയിച്ച പരാതിയുടെ പകർപ്പ് മാത്രമായിരിക്കുക
- ഹർജിയിൽ ഒപ്പ് രേഖപ്പെടുത്താതിരിക്കുകയോ അസ്സൽ ഹർജി കമ്മീഷന് അയച്ചുനൽകാതിരിക്കുകയോ ചെയ്യുക
- ഹർജി വിഷയം കമ്മീഷന്റെ അധികാരപരിധിക്ക് പുറത്തുള്ളതോ ഹർജി പരിഗണിക്കാൻ കഴിയാത്ത മറ്റേതെങ്കിലും സാഹചര്യം ഉണ്ടായിരിക്കുകയോ ചെയ്യുക

**<u>കമ്മീഷൻ ചെയർപേഴ്സണും അംഗങ്ങളും</u>**

ഒരു ചെയർപേഴ്സനും 6 അംഗങ്ങളും അടങ്ങിയതാണ് കമ്മീഷൻ. അതാതു വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത് ചെയർപേഴ്സന് ഏതെങ്കിലും പ്രത്യേക കേസുകൾ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് ഡിവിഷൻ ബഞ്ചോ ഫുൾ ബഞ്ചോ രൂപീകരിക്കാവുന്നതാണ്. ഡിവിഷൻ ബഞ്ചിൽ രണ്ട് അംഗങ്ങളും ഫുൾ ബഞ്ചിൽ ചുരുങ്ങിയത് മൂന്ന് അംഗങ്ങളും ഉണ്ടായിരിക്കുന്നതാണ്. ചെയർപേഴ്സന്റെ പേരും ഇ-മെയിൽ വിലാസവും ഫോൺ നമ്പരും ചുവടെ പറയും പ്രകാരമാണ്.

ശ്രീമതി. ശോഭകോശി
ചെയർപേഴ്സൺ
cp.cpcr@kerala.gov.in
ഫോൺ (ഓഫീസ്) : 0471-2325602
മൊബൈൽ : 9446448846

കമ്മീഷൻ മെമ്പർമാരുടെ വിശദവിവരം ഇനി പറയും പ്രകാരമാണ്.

| പേര് | ചുമതലയുള്ള ജില്ലകൾ | ഇ-മെയിൽ |
|---|---|---|
| ശ്രീ. കെ. നസീർ | കാസർഗോഡ്, കണ്ണൂർ, കോഴിക്കോട് | cpcr.kkd@gmail.com 9895236212 |
| ശ്രീമതി. മീന. സി.യു | എറണാകുളം, ഇടുക്കി | cpcr.ekm@gmail.com 9895291767 |
| ശ്രീ. ബാബു. എൻ | പാലക്കാട്, തൃശ്ശൂർ | cpcr.tsr@gmail.com 9447019077 |
| ഫാ. ഫിലിപ്പ് പരക്കാട്ട് | തിരുവനന്തപുരം, കൊല്ലം | cpcr.tvm@gmail.com 9846114098 |
| ശ്രീമതി. ജെ. സന്ധ്യ | പത്തനംതിട്ട, ആലപ്പുഴ, കോട്ടയം | cpcr.ktm@gmail.com 9447036686 |
| ശ്രീമതി. ഗ്ലോറി ജോർജ്ജ് | വയനാട്, മലപ്പുറം | cpcr.wnd@gmail.com 9497650488 |

**ഹർജികൾ തീർപ്പാക്കലും കമ്മീഷന്റെ സിറ്റിംഗുകളും**

ഹർജികളിന്മേൽ തീരുമാനം കൈക്കൊള്ളുന്നതുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തെ ആസ്ഥാന ഓഫീസിലും ജില്ലാ ആസ്ഥാനങ്ങളിലും കമ്മീഷൻ നിശ്ചയിക്കുന്ന മറ്റ് സ്ഥലങ്ങളിലുംവച്ച് കമ്മീഷൻ സിറ്റിംഗ് നടത്താറുണ്ട്. ഒരു പരാതി ലഭിച്ചു കഴിഞ്ഞാൽ പ്രാഥമിക സൂക്ഷ്മപരിശോധനയ്ക്കും പരിഗണനയ്ക്കും ശേഷം ബന്ധപ്പെട്ട സർക്കാർ വകുപ്പ്/ അധികാരസ്ഥാനം/ കർത്തവ്യവാഹകർ എന്നിവരിൽ നിന്നും പരാതി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടുകയും അത് ലഭിച്ചാൽ അതിന്റെ പകർപ്പ് ഹർജികക്ഷിക്ക് അയച്ചു നൽകി പ്രസ്തുത റിപ്പോർട്ടിന്മേൽ ഹർജികക്ഷിയുടെ പ്രതികരണം ആവശ്യപ്പെടുകയും ചെയ്യുന്നു. തുടർന്ന് ഒരു സിവിൽ കോടതിയുടെ അധികാരങ്ങൾ നല്കപ്പെട്ടിട്ടുള്ള കമ്മീഷൻ തെളിവെടുപ്പിലൂടെ ലഭ്യമാകുന്ന വിഭിന്നങ്ങളായ തെളിവുകളേയും സാഹചര്യങ്ങളേയും വസ്തുതകളേയും അപഗ്രഥിച്ചും വിശകലനം ചെയ്തുമാണ് ഓരോ കേസിലും തീരുമാനം കൈക്കൊള്ളുന്നത്. ഇപ്രകാരം അന്വേഷണ വിചാരണയോടനുബന്ധിച്ച് ബന്ധപ്പെട്ട കക്ഷികളെ നേരിൽ കേൾക്കുകയും ചെയ്യുന്നു. തീരുമാനങ്ങളുടെ അടിസ്ഥാനത്തിൽ സർക്കാരിനും ബന്ധപ്പെട്ട അധികാരസ്ഥാനങ്ങൾക്കും ഉചിത

മായ ശുപാർശകൾ നൽകിയാണ് കേസുകൾ തീർപ്പാക്കുന്നത്. മുകളിൽ സൂചിപ്പിച്ചതുപോലെ ഹർജികളിലെ വിഷയത്തിന്റെ ഗൗരവവും പ്രാധാന്യവും കണക്കിലെടുത്ത് കേസുകൾ പരിഗണിക്കുന്നതിന് സിംഗിൾ ബഞ്ചിന് പകരം ചെയർപേഴ്സണ് ഡിവിഷൻ ബഞ്ച്/ ഫുൾ ബഞ്ച് രൂപീകരിക്കാവുന്നതാണ്. എന്നാൽ ഏതെങ്കിലും ഹർജി പരിശോധിക്കുമ്പോൾ അത് കമ്മീഷനു പകരം മറ്റേതെങ്കിലും അധികാരസ്ഥാനം പരിഗണിക്കേണ്ടതെന്ന് കാണുകയാണെങ്കിൽ ബന്ധപ്പെട്ട അധികാരിക്ക് ആ പരാതി കമ്മീഷൻ അയച്ചുകൊടുക്കുന്നതും ഇക്കാര്യം പരാതിക്കാരെ അറിയിക്കുന്നതുമാണ്.

**പരാതികളുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങൾ 2012-ൽ നിഷ്കർഷിച്ചിട്ടുള്ള സമയക്രമം**

| ഇനം | സമയപരിധി | ചട്ടം |
|---|---|---|
| അടിയന്തിര സ്വഭാവമുള്ള പരാതികൾ കമ്മീഷൻ പരിഗണിക്കുന്നത് (സ്വമേധയാ നടപടി ഉൾപ്പെടെ) | 24 മണിക്കൂറിനുള്ളിൽ | 36(5) |
| മറ്റു പരാതികൾ കമ്മീഷൻ പരിഗണിക്കുന്നത് (സ്വമേധയാ നടപടി ഉൾപ്പെടെ) | 15 ദിവസത്തിനുള്ളിൽ | 36(4) |
| കമ്മീഷന്റെ ഉത്തരവ് സർക്കാരിനെയും മറ്റ് അധികാരസ്ഥാനങ്ങളെയും അറിയിക്കുന്നത് | ഉത്തരവ് തീയതി മുതൽ 20 ദിവസത്തിനകം | 45 |

**2005-ലെ ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റ്, 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങൾ എന്നിവ പ്രകാരമുള്ള കമ്മീഷന്റെ കർത്തവ്യങ്ങളും ചുമതലകളും**

ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് 2005-ലെ വകുപ്പ് 13 പ്രകാരം താഴെ ചേർത്തിരിക്കുന്ന കാര്യങ്ങൾ കമ്മീഷന്റെ ചുമതലകളാണ്.

<u>കമ്മീഷന്റെ ചുമതലകൾ</u> - കമ്മീഷൻ താഴെ പറയുന്ന എല്ലാമോ, ഏതെങ്കിലുമോ ചുമതലകൾ കമ്മീഷൻ നിർവ്വഹിക്കേണ്ടതാണ്, അതായത്:-

(ക) ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടി തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലോ അതിൻകീഴിലോ വ്യവസ്ഥ ചെയ്തിട്ടുള്ള സുരക്ഷാ ഏർപ്പാടുകൾ പരിശോധിക്കുകയും പുനഃപരിശോധിക്കുകയും അവ ഫലപ്രദമായി നടപ്പിലാക്കുന്നതിനാവശ്യമായ മാർഗ്ഗങ്ങളും ശിപാർശ ചെയ്യുകയും ചെയ്യുക;

(ഖ) കമ്മീഷന് യുക്തമെന്ന് കരുതുന്നപക്ഷം, വാർഷികമായും അങ്ങനെയുള്ള ഇടവേളകളിലും അത്തരം സുരക്ഷാ ഏർപ്പാടുകളുടെ പ്രവർത്തനത്തിന്മേലുള്ള റിപ്പോർട്ടുകൾ കേന്ദ്ര സർക്കാരിന് ഹാജരാക്കുകയും ചെയ്യുക;

(ഗ) ബാലാവകാശ ലംഘനത്തിന്റെ അന്വേഷണവിചാരണ ചെയ്യുകയും അങ്ങനെയുള്ള കേസുകളിൽ നടപടികൾ തുടങ്ങുന്നതിന് ശിപാർശ ചെയ്യുകയും ചെയ്യുക;

(ഘ) ഭീകരപ്രവർത്തനം, വർഗ്ഗീയ കലാപം, ലഹള, പ്രകൃതിദുരന്തം, ഗാർഹിക ഹിംസ, എച്ച്.ഐ.വി/ എയ്ഡ്സ്, അവിഹിത വാണിജ്യം, പീഡനം, ഭേദ്യംചെയ്യലും ചൂഷണവും, അശ്ലീല സാഹിത്യം, വ്യഭിചാരം എന്നിവയാൽ ബാധിക്കപ്പെട്ട കുട്ടികളുടെ അവകാശങ്ങൾ അനുഭവിക്കുന്നത് നിഷേധിക്കുന്ന എല്ലാ ഘടകങ്ങളേയും പരിശോധിക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ങ) ദുരിതമനുഭവിക്കുന്ന കുട്ടികളും പാർശ്വവൽക്കരിക്കപ്പെട്ടതും പ്രതികൂലാവസ്ഥയിലുള്ളതുമായ കുട്ടികളും നിയമനിഷേധികളായ കുട്ടികളും പക്വതയില്ലാത്ത കുട്ടികളും കുടുംബമില്ലാത്ത കുട്ടികളും തടവുകാരുടെ കുട്ടികളും ഉൾപ്പെടെ പ്രത്യേക ശ്രദ്ധയും പരിരക്ഷയും ആവശ്യമുള്ള കുട്ടികളെ സംബന്ധിച്ച സംഗതികൾ കണക്കിലെടുക്കുകയും ഉചിതമായ പരിഹാര മാർഗ്ഗങ്ങൾ ശിപാർശ ചെയ്യുകയും ചെയ്യുക;

(ച) സമാധാന ഉടമ്പടികളും മറ്റ് അന്താരാഷ്ട്ര രേഖകളും പഠിക്കുകയും ബാലാവകാശങ്ങളിന്മേൽ നിലവിലുള്ള നയങ്ങളുടെയും കാര്യപരിപാടികളു

ടെയും മറ്റ് പ്രവർത്തനങ്ങളുടെയും ആനുകാലിക പുനഃപരിശോധന ഏറ്റെടുക്കുകയും കുട്ടികളുടെ ഉത്തമതാല്പര്യത്തിനായി അവയുടെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ട ശിപാർശകൾ നടത്തുകയും ചെയ്യുക;

(ഛ) ബാലാവകാശ മേഖലയിൽ ഗവേഷണം നടത്തുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ജ) സമൂഹത്തിന്റെ വിവിധ വിഭാഗങ്ങൾക്കിടയിൽ ബാലാവകാശ സാക്ഷരത പ്രചരിപ്പിക്കുകയും പ്രസിദ്ധീകരണങ്ങൾ, മാധ്യമങ്ങൾ, സെമിനാറുകൾ, മറ്റ് ലഭ്യമായ മാർഗ്ഗങ്ങൾ എന്നിവയിലൂടെയും ഈ അവകാശങ്ങളുടെ സംരക്ഷണത്തിന് ലഭ്യമായിട്ടുള്ള സുരക്ഷാ ഏർപ്പാടുകളുടെ അവബോധം പ്രോത്സാഹിപ്പിക്കുകയും ചെയ്യുക;

(ഝ) സാമൂഹിക സംഘടനകൾ നടത്തുന്ന സ്ഥാപനങ്ങൾ ഉൾപ്പെടെയുള്ള ചികിത്സയിലൂടെയോ പരിവർത്തനത്തിന്റെയോ സംരക്ഷണത്തിന്റെയോ ആവശ്യങ്ങൾക്കുവേണ്ടി കുട്ടികളെ തടങ്കലിൽ വയ്ക്കുകയോ പാർപ്പിക്കുകയോ ചെയ്യുന്ന കേന്ദ്ര സർക്കാരിന്റെയോ ഏതെങ്കിലും സംസ്ഥാന സർക്കാരിന്റെയോ അല്ലെങ്കിൽ മറ്റേതെങ്കിലും അധികാരസ്ഥാനത്തിന്റെയോ നിയന്ത്രണത്തിൻകീഴിലുള്ള ഏതെങ്കിലും ബാലസംരക്ഷണ മന്ദിരമോ മറ്റ് താമസസ്ഥലമോ, കുട്ടികൾക്ക് വേണ്ടിയുള്ള സ്ഥാപനമോ പരിശോധിക്കുകയോ പരിശോധിപ്പിക്കുകയോ ആവശ്യമെന്ന് കാണുന്നപക്ഷം, ഈ അധികാരസ്ഥാപനങ്ങളുമായിച്ചേർന്ന് പരിഹാരനടപടി എടുക്കുകയും ചെയ്യുക;

(ഞ) (i) ബാലാവകാശങ്ങൾ നിഷേധിക്കലും ലംഘനവും;

(ii) കുട്ടികളുടെ സംരക്ഷണത്തിനും അഭിവൃദ്ധിക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്ന നിയമങ്ങൾ നടപ്പിലാക്കാതിരിക്കലും;

(iii) കുട്ടികളുടെ കഷ്ടപ്പാടുകൾ ലഘൂകരിക്കുന്നതിന് ലക്ഷ്യമിട്ട നയപരമായ തീരുമാനങ്ങളോ മാർഗ്ഗനിർദ്ദേശക രേഖകളോ നിർദ്ദേശങ്ങളോ നടപ്പിലാക്കാതിരിക്കലും കുട്ടികളുടെ ക്ഷേമം ഉറപ്പുവരുത്തുകയും അങ്ങനെയുള്ള കുട്ടികൾക്ക് ആശ്വാസം നൽകലും,

എന്നീ സംഗതികൾ സംബന്ധിച്ച പരാതികളിൽ അന്വേഷണവിചാരണ നടത്തുകയും സ്വമേധയാ പരിഗണനയ്ക്കെടുക്കുകയും,

അല്ലെങ്കിൽ അങ്ങനെയുള്ള സംഗതികളിൽ നിന്നും ഉത്ഭവിക്കുന്ന വിവാദ വിഷയങ്ങൾ സമുചിത അധികാരസ്ഥാനങ്ങളുമായിച്ചേർന്ന് പരിഗണനയ്ക്കെടുക്കുകയും ചെയ്യുക;

(ട) ബാലാവകാശങ്ങളുടെ പ്രോത്സാഹനത്തിന് ആവശ്യമെന്ന് അതിന് പരിഗണിക്കാവുന്ന അങ്ങനെയുള്ള മറ്റ് ചുമതലകളും മേൽപ്പറഞ്ഞ ചുമതലകൾക്ക് ആനുഷംഗികമായ മറ്റേതെങ്കിലും സംഗതികളും ചെയ്യുക.

(2) തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിൻകീഴിൽ യഥാവിധി രൂപവൽക്കരിച്ച ഒരു സംസ്ഥാന കമ്മീഷന്റെയോ മറ്റേതെങ്കിലും കമ്മീഷന്റെയോ മുമ്പാകെ നടന്നു കൊണ്ടിരിക്കുന്ന ഏതെങ്കിലും സംഗതികളിൽ കമ്മീഷൻ അന്വേഷണവിചാരണ നടത്താൻ പാടുള്ളതല്ല.

## 2012-ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ ചട്ടങ്ങളിലെ ചട്ടം 17 പ്രകാരമുള്ള കർത്തവ്യങ്ങൾ

ബാലാവകാശം സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്റ്റിലെ 13-ാം വകുപ്പ് 1-ാം ഉപവകുപ്പ് (ക) മുതൽ (ട) വരെയുള്ള ഖണ്ഡങ്ങൾ പ്രകാരം നിക്ഷിപ്തമായിരിക്കുന്ന കർത്തവ്യങ്ങൾക്കുപുറമെ കമ്മീഷൻ താഴെ പറയുന്ന ചുമതലകളും നിർവ്വഹിക്കേണ്ടതാണ്.

(ക) നിലവിലുള്ള നിയമങ്ങൾ, നയങ്ങൾ, നടപടിക്രമങ്ങൾ എന്നിവ ബാലാവകാശവുമായി ബന്ധപ്പെട്ട ഉടമ്പടിയിലെ വ്യവസ്ഥകൾക്കനുസൃതമാണോ എന്ന് വിശകലനം ചെയ്യുകയും കുട്ടികളെ ബാധിക്കുന്ന നയങ്ങളും നടപടിക്രമങ്ങളും സംബന്ധിച്ച ഏതൊരു കാര്യത്തിലും മേലും അന്വേഷണങ്ങൾ ഏറ്റെടുക്കുകയും റിപ്പോർട്ട് നൽകുകയും തയ്യാറാക്കുകയും പുതിയ നിയമ

നിർമ്മാണങ്ങളിൽ ബാലാവകാശം കുട്ടികളുടെ വീക്ഷണ കോണിൽ അഭിപ്രായം നൽകുകയും ചെയ്യുക.

(ഖ) കുട്ടികളെ ബാധിക്കുന്ന സർക്കാർ നയങ്ങളെക്കുറിച്ച് പഠിക്കുകയും അവ അന്താരാഷ്ട്ര ബാലാവകാശ മാനദണ്ഡങ്ങൾക്കനുസൃതമാണെന്ന് ഉറപ്പാക്കുകയും ചെയ്യുക.

(ഗ) അത്തരം സംരക്ഷണ സംവിധാനത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വാർഷികമായും കമ്മീഷന് ഉചിതമെന്ന് തോന്നുന്ന ഇടവേളകളിലും സംസ്ഥാന സർക്കാരിനും ദേശീയ ബാലാവകാശ സംരക്ഷണ കമ്മീഷനും മറ്റു സംസ്ഥാന കമ്മീഷനുകൾക്കും റിപ്പോർട്ട് സമർപ്പിക്കുക.

(ഘ) കുട്ടികളോ കുട്ടികൾക്കുവേണ്ടി അവരുമായി ബന്ധപ്പെട്ട വ്യക്തികളോ ഉന്നയിക്കുന്ന പരാതികളിന്മേൽ ഔപചാരികമായ അന്വേഷണം ഏറ്റെടുക്കുക.

(ങ) കുട്ടികളുടെ മുൻഗണനയും വീക്ഷണവും പ്രതിഫലിക്കുന്നതിനായി കമ്മീഷന്റെ പ്രവർത്തനങ്ങളിൽ കുട്ടികളുടെ കാഴ്ചപ്പാടുകൾ നേരിട്ട് വെളിച്ചം വീശുന്നതായി ഉറപ്പു വരുത്തുക.

(ച) കമ്മീഷന്റെ പ്രവർത്തനങ്ങളിലും കുട്ടികളുമായി ബന്ധപ്പെട്ട എല്ലാ സർക്കാർ വകുപ്പുകളിലും സംഘടനകളിലും കുട്ടികളുടെ താൽപര്യങ്ങൾ പ്രോൽസാഹിപ്പിക്കുകയും ബഹുമാനിക്കുകയും കുട്ടികളുടെ അഭിപ്രായങ്ങൾക്ക് ഗൗരവതരമായ പ്രാധാന്യം നൽകുകയും ചെയ്യുക.

(ഛ) ബാലാവകാശങ്ങൾ സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കുകയും/ പ്രചരിപ്പിക്കുകയും ചെയ്യുക.

(ജ) കുട്ടികളെ സംബന്ധിച്ച വിവരം സമാഹരിക്കുകയും വിശകലനം ചെയ്യുകയും ചെയ്യുക.

(ഝ) സ്കൂൾ പാഠ്യപദ്ധതി, അദ്ധ്യാപക പരിശീലനം, കുട്ടികളുമായി ഇടപഴകുന്ന ഉദ്യോഗസ്ഥർ എന്നിവർക്കുള്ള പരിശീലന പരിപാടി

എന്നിവയിൽ ബാലാവകാശങ്ങൾ ഉൾപ്പെടുത്തുന്നത് പ്രോൽസാഹിപ്പിക്കുക.

(ഞ) ദേശീയ പ്രാധാന്യമുള്ളതും അന്തർ സംസ്ഥാന പ്രാധാന്യമുള്ളതുമായ കേസുകളും വിഷയങ്ങളും ആവശ്യമായ സന്ദർഭങ്ങളിൽ ദേശീയ ബാലാവകാശ കമ്മീഷന് റഫർ ചെയ്യുക.

(ട) സംസ്ഥാനത്തിന്റെ എല്ലാ മേഖലകളിലും വർഷത്തിൽ കുറഞ്ഞത് ഒരു പ്രാവശ്യമെങ്കിലും പ്രാദേശിക സന്ദർശനം നടത്തുകയും പൊതു സമ്മേളനങ്ങൾ വിളിച്ചു ചേർക്കുകയും ചെയ്യുക.

(ഠ) വിവിധ വകുപ്പുകൾക്കും അധികാരസ്ഥാനങ്ങൾക്കും നൽകിയ ശുപാർശകളിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെടുക.

(ഡ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടേയും ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടേയും പദ്ധതികളും പരിപാടികളും ബാലാവകാശങ്ങളുടെ കാഴ്ചപ്പാടിൽ പുനഃപരിശോധിക്കുകയും ഉചിതമായ ശുപാർശകൾ സമർപ്പിക്കുകയും ചെയ്യുക.

## ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ട് 2005-ലെ 14, 15 എന്നീ വകുപ്പുകൾ പ്രകാരം കമ്മീഷനുള്ള അധികാരങ്ങൾ

**വകുപ്പ് 14 - അന്വേഷണവിചാരണകൾ സംബന്ധിച്ച അധികാരങ്ങൾ** -

(1) കമ്മീഷന് 13-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ഞ) ഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഏതെങ്കിലും സംഗതികളിൽ അന്വേഷണ വിചാരണ നടത്തുമ്പോൾ 1908-ലെ സിവിൽ നടപടി നിയമസംഹിത (1908-ലെ 5) യുടെ കീഴിൽ ഒരു വ്യവഹാരം വിചാരണ ചെയ്യുന്ന ഒരു സിവിൽ കോടതിക്കുള്ള എല്ലാ അധികാരങ്ങളും പ്രത്യേകിച്ച്, താഴെ പറയുന്ന സംഗതികൾ സംബന്ധിച്ച് ഉണ്ടായിരിക്കുന്നതാണ്, അതായത് -

(ക) ഏതൊരാളെയും വിളിച്ചുവരുത്തുകയും നിർബന്ധപൂർവ്വം ഹാജരാക്കുകയും, ശപഥത്തിന്മേൽ അയാളെ വിസ്തരിക്കുകയും ചെയ്യുക;

(ഖ) ഏതെങ്കിലും രേഖ വെളിപ്പെടുത്തുകയും ഹാജരാക്കുകയും ചെയ്യുക;

(ഗ) സത്യവാങ്മൂലത്തിന്മേൽ തെളിവ് സ്വീകരിക്കുക;

(ഘ) ഏതെങ്കിലും കോടതിയിൽനിന്നോ ആഫീസിൽനിന്നോ ഏതെങ്കിലും പൊതുരേഖയോ അതിന്റെ പകർപ്പോ ആവശ്യപ്പെടുക;

(ങ) സാക്ഷികളെ വിസ്തരിക്കുന്നതിനോ പ്രമാണങ്ങൾ പരിശോധിക്കുന്നതിനോ കമ്മീഷനുകളെ നിയമിക്കുകയും ചെയ്യുക;

(2) ഏത് കേസും അത് വിചാരണ ചെയ്യാൻ അധികാരമുള്ള ഒരു മജിസ്ട്രേറ്റിന് അയച്ചു കൊടുക്കുവാനുള്ള അധികാരം കമ്മീഷനുണ്ടായിരിക്കുന്നതും ഏത് മജിസ്ട്രേറ്റിനാണോ അങ്ങനെയുള്ള ഏതെങ്കിലും കേസ് അയച്ചു കൊടുത്തിട്ടുള്ളത്, ആ മജിസ്ട്രേറ്റ് കുറ്റാരോപണം ചെയ്യപ്പെട്ട ആൾക്കെതിരെയുള്ള പരാതി, ആ കേസ്, 1973-ലെ ക്രിമിനൽ നടപടി നിയമസംഹിത (1974-ലെ 2) യിലെ 346-ാം വകുപ്പിൻകീഴിൽ തനിക്ക് അയച്ചിട്ടുള്ളതായിരുന്നാലെന്നപോലെ വിസ്താരം നടത്തേണ്ടതുമാണ്.

<u>വകുപ്പ് 15 - അന്വേഷണവിചാരണയ്ക്കുശേഷമുള്ള നടപടികളെ സംബന്ധിച്ച അധികാരം</u>- ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിന് കീഴിൽ നടത്തപ്പെട്ട അന്വേഷണവിചാരണ പൂർത്തിയാക്കിയശേഷം താഴെ പറയുന്ന ഏതെങ്കിലും നടപടികൾ കമ്മീഷന് എടുക്കാവുന്നതാണ്, അതായത്:-

(i) ബാലാവകാശത്തിൻമേൽ ഒരു ഗൗരവപരമായ ലംഘനമോ തത്സമയം പ്രാബല്യത്തിലിരിക്കുന്ന ഏതെങ്കിലും നിയമത്തിലെ വ്യവസ്ഥകളുടെ ലംഘനമോ നടന്നതായി അന്വേഷണ വിചാരണയിൽ വെളിപ്പെടുന്നിടത്ത്, ബന്ധപ്പെട്ട ആളിനോ ആളുകൾക്കോ എതിരായി പ്രോസിക്യൂഷൻ നടപടികളോ കമ്മീഷന് ഉചിതമെന്ന് തോന്നുന്ന അങ്ങനെയുള്ള മറ്റ് നടപടിയോ

ആരംഭിക്കു ...ാൻ ബന്ധപ്പെട്ട സർക്കാരിനോടോ അധികാരസ്ഥാനത്തിനോടോ ശിപാർശ ചെയ്യുക;

(ii) കോടതിക്ക് ഉചിതമെന്ന് കരുതാവുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾക്കോ ഉത്തരവുകൾക്കോ റിട്ടുകൾക്കോ വേണ്ടി സുപ്രീംകോടതിയെയോ ബന്ധപ്പെട്ട ഹൈക്കോടതിയെയോ സമീപിക്കുക;

(iii) കമ്മീഷന് ആവശ്യമെന്ന് കരുതാവുന്ന അങ്ങനെയുള്ള ഇടക്കാല ആശ്വാസം പീഡിതനോ അയാളുടെ കുടുംബാംഗങ്ങൾക്കോ നൽകുന്നതിനായി ബന്ധപ്പെട്ട സർക്കാരിനോടോ, അധികാരസ്ഥാനത്തിനോടോ ശിപാർശ ചെയ്യുക.

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ ചട്ടം 17 പ്രകാരമുള്ള കമ്മീഷന്റെ കർത്തവ്യങ്ങൾ.

## കുട്ടികളെ ലൈംഗികകുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പോക്സോ ആക്ട്) പ്രകാരം കമ്മീഷന്റെ അധികാരങ്ങൾ

കുട്ടികളെ ലൈംഗികകുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ആക്ട് 2012 (പോക്സോ ആക്ട്)-ലെ വകുപ്പ് 44 പ്രകാരം ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ കർത്തവ്യങ്ങൾക്കുപുറമെ പോക്സോ ആക്റ്റ് സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരങ്ങളും നൽകിയിട്ടുണ്ട്.

കുട്ടികളെ ലൈംഗികകുറ്റകൃത്യങ്ങളിൽ നിന്നും സംരക്ഷിക്കുന്നതിനുള്ള ചട്ടങ്ങൾ 2012 (പോക്സോ ചട്ടങ്ങൾ)-ലെ ചട്ടം 6 പ്രകാരം, -

(ക) പോക്സോ ആക്റ്റ് പ്രകാരമുള്ള കുറ്റകൃത്യങ്ങൾ വിചാരണ ചെയ്യുന്നതിനുള്ള പ്രത്യേക കോടതികൾ സംസ്ഥാന സർക്കാർ നാമനിർദ്ദേശം ചെയ്യുന്നത്

(ഖ) പ്രത്യേക കോടതികളിൽ പബ്ലിക് പ്രോസിക്യൂട്ടർമാരെ സംസ്ഥാന സർക്കാർ നിയമിക്കുന്നത്

(ഗ) സന്നദ്ധ സംഘടനകൾ, സൈക്കോളജി- സാഷ്യൽ വർക്ക്-ശാരീരിക മാനസിക ആരോഗ്യം-ശിശുവികസനം തുടങ്ങിയ മേഖലകളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന പ്രൊഫഷണലുകൾക്കും മറ്റ് വിദഗ്ദ്ധർക്കുമായി പോക്സോ ആക്റ്റിലെ 39-ാം വകുപ്പ് പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നത്

(ഘ) പോക്സോ ആക്റ്റ് പ്രകാരമുള്ള കർത്തവ്യങ്ങൾ ഫലപ്രദമായി നിർവ്വഹിക്കുന്നതിന് പോലീസ്, മറ്റ് ബന്ധപ്പെട്ട കർത്തവ്യവാഹകർ തുടങ്ങിയവർക്ക് പരിശീലനം നൽകുന്നതിനുള്ള ട്രെയിനിംഗ് മൊഡ്യൂളുകൾ തയ്യാറാക്കുന്നതും അവ നടപ്പാക്കുന്നതും

(ങ) പോക്സോ ആക്റ്റ് സംബന്ധിച്ച അവബോധം പൊതുജനങ്ങളിലും കുട്ടികളിലും രക്ഷകർത്താക്കളിലും സൃഷ്ടിക്കുന്നതിനായി നിശ്ചിത ഇടവേളകളിൽ ടെലിവിഷൻ, റേഡിയോ, അച്ചടി മാധ്യമങ്ങൾ തുടങ്ങി എല്ലാ മാധ്യമങ്ങളിലൂടെയും വിവരങ്ങൾ പ്രചരിപ്പിക്കുന്ന കാര്യം

തുടങ്ങിയവ നിരീക്ഷിക്കുവാൻ കമ്മീഷനെ പോക്സോ ആക്റ്റ് പ്രകാരം ചുമതലപ്പെടുത്തിയിട്ടുണ്ട്.

## 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ആക്ടിലെ (ആർ.റ്റി.ഇ ആക്റ്റ്) 31-ാം വകുപ്പ് പ്രകാരം താഴെ പറയുന്ന നിരീക്ഷണാധികാരങ്ങൾ കമ്മീഷനുണ്ട്

(ക) 2009-ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസത്തിനുള്ള അവകാശം ആക്ട് പ്രകാരമുള്ള അവകാശങ്ങൾ പരിശോധിക്കുകയും, പുനഃപരിശോധിക്കുകയും അവയുടെ കാര്യക്ഷമമായ നടത്തിപ്പിന് ആവശ്യമായ ശുപാർശകൾ നൽകുകയും ചെയ്യുക

(ഖ) കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശം സംബന്ധിച്ച പരാതികൾ അന്വേഷണ വിചാരണ ചെയ്യുക

(ഗ) ബാലാവകാശങ്ങൾ സംരക്ഷിക്കുന്നതിനുവേണ്ടിയുള്ള കമ്മീഷനുകൾ ആക്ടിലെ 15, 24 വകുപ്പുകൾ പ്രകാരം ഉചിതമായ നടപടികൾ സ്വീകരിക്കുക.

**2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 109-ാം വകുപ്പ് പ്രകാരമുള്ള നിരീക്ഷണാധികാരം**

2015-ലെ ബാലനീതി (കുട്ടികളുടെ ശ്രദ്ധയും സംരക്ഷണവും) ആക്റ്റിലെ 109-ാം വകുപ്പ് പ്രകാരം പ്രസ്തുത നിയമം സംസ്ഥാനത്ത് നടപ്പാക്കുന്നത് നിരീക്ഷിക്കുന്നതിനുള്ള അധികാരം സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷനാണ്.

**വിവരാവകാശം**

വിവരാവകാശ നിയമപ്രകാരം കമ്മീഷൻ നിശ്ചയിച്ചിട്ടുള്ള സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാരുടെയും അപ്പീൽ അധികാരികളുടെയും പേരുവിവരം ചുവടെ ചേർത്തിരിക്കുന്നു.

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർമാർ**

1. ശ്രീമതി. വിജയശ്രീ. എസ്, സെക്ഷൻ ഓഫീസർ (പരാതി വിഭാഗം)
2. ശ്രീ. ഷാജൻ. എ, സെക്ഷൻ ഓഫീസർ (ഭരണ വിഭാഗം)

**അപ്പലേറ്റ് അതോറിറ്റി**

1. ശ്രീ. എസ്.എച്ച്. ജയകേശൻ, രജിസ്ട്രാർ
2. ശ്രീ. സിംജി ജോസഫ്, അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ

*കുട്ടികൾ നമ്മുടെ സമ്പത്ത്*
*കുട്ടികളുടെ കരുത്ത് നമ്മുടെ മുതൽക്കൂട്ട്*
*ഉന്നതിയിലേയ്ക്ക് കുട്ടികളെ നയിച്ച്, ചുമതലാബോധം സൃഷ്ടിച്ച്*
*ഉറച്ച ഇന്ത്യയ്ക്ക് കൂടുതൽ കരുത്തേകാം.*

കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷൻ,
ടി.സി. 14/2036, വാൻറോസ് ജംഗ്ഷൻ, കേരള യൂണിവേഴ്സിറ്റിപി.ഒ., തിരുവനന്തപുരം - 695 034
ഫോൺ : 0471-2326603 ഇ-മെയിൽ : childrights.cpcr@kerala.gov.in
വെബ്സൈറ്റ് : www.kescpcr.kerala.gov.in